"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് - ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.ദിവ്യ.കെ.എസ്.-ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.699/2025/LBR തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-

1. 10.05.2013-ലെ 42/2013/ധന നമ്പർ പരിപത്രം.
2. 28.11.2013-ലെ സ.ഉ. (അച്ചടി) നം. 580/2013/ധന.
3. 21.05.2022-ലെ സ.ഉ.(സാധാ) നം.598/2022/തൊഴിൽ
4. 17.06.2023-ലെ സ.ഉ. (സാധാ) നം.737/2023/തൊഴിൽ
5. 27.06.2024-ലെ സ.ഉ. (സാധാ) നം. 682/2024/തൊഴിൽ
6. ശ്രീമതി.ദിവ്യ.കെ.എസ് സമർപ്പിച്ച 26.03.2025-ലെ അപേക്ഷ.
7. ലാന്റ് റവന്യൂ കമ്മീഷണറുടെ 25.04.2025-ലെ LR/3540/2024-LR (N4) നമ്പർ കത്ത്.
8. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03.05.2025-ലെ ഇ1/130/2024/KSUWSSB നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ റവന്യൂ ഭരണവകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ ശ്രീമതി.ദിവ്യ.കെ.എസ്-നെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ പരാമർശം (3) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷ കാലാവധിയിൽ നിയമിക്കുകയും പരാമർശം (4), (5) പ്രകാരം അന്യത്രസേവന കാലാവധി ഓരോ വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

2. 31.05.2025-ന് മൂന്നുവർഷം പൂർത്തിയാകുന്ന ശ്രീമതി.ദിവ്യ.കെ.എസ്.-ന്റെ അന്യത്രസേവന കാലയളവ് 01.06.2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുനൽകുന്നതിനുള്ള ശിപാർശ, മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (8) പ്രകാരം ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന തൃശ്ശൂർ ജില്ലാ റവന്യൂ ഭരണവകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായ ശ്രീമതി. ദിവ്യ.കെ.എസ്.-ന്റെ അന്യത്രസേവന കാലാവധി, അന്യത്ര സേവനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം(1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി 01.06.2025 മുതൽ ഒരു വർഷത്തേക്കുകൂടി (നാലാം തവണ) ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, തിരുവനന്തപുരം.
ശ്രീമതി.ദിവ്യ.കെ.എസ്. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 11-06-2025 15:30:15
സെക്ഷൻ ഓഫീസർ

പകർപ്പ്:-പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി-ക്ക്
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ പി..എ.-ക്ക്